ബാപ്പു കൂട്ടിലങ്ങാടി

# ഉമ്മ

**നീറി** പുകഞ്ഞ്
മനം വിണ്ടടർന്ന
മണ്ണടുപ്പ്!

# ഭാര്യ

**അകം** വെന്താലും
പുറം പൊള്ളാത്ത
കറന്റടുപ്പ്!

ഹാരിസ് എടവന

# വെന്റിലേറ്റർ

**വേണമെങ്കിൽ** ശ്വസിച്ചോയെന്നു
ഓക്സിജൻ കുഴലുകൾ പറയും
ഇന്നലെവരെ ചോദിക്കാതെ
അകത്തേക്കു വലിച്ചതിനു
പരാതിപ്പെടുമ്പോലൊരു
ഔദാര്യം

ദൈവത്തിനു മാത്രം മനസ്സിലാവുന്ന
സ്പന്ദനങ്ങൾ
വിവർത്തനം ചെയ്യാനുള്ള
വിഫലശ്രമങ്ങൾ നടക്കും

അടുത്ത കിടക്കകളിൽ
വാടകമുറികൾ ഒഴിഞ്ഞുപോവും
പോലെ
ആത്മാക്കൾ ഒഴിഞ്ഞുപോയ
ശരീരങ്ങൾ
അടക്കാൻ മറന്ന ജാലകങ്ങൾപോലെ
തുറന്നിട്ടിരിക്കുന്ന കണ്ണുകൾ

ബലാബലം നിൽക്കുന്ന ഫൈനൽ
മാച്ചിലെ
എക്സ്ട്രാ ടൈം പോലെ

ആകാംക്ഷഭരിതമാവും ചിലപ്പോൾ
ജീവിതത്തിന്റെ ഗോൾമുഖത്തേക്കു
മരണത്തിൽ നിന്നും ഒരു ഫോർവേഡ്
എല്ലാ പ്രതിരോധങ്ങളും തകർത്തു
ഓടിയെത്തിയേക്കാം
തീർച്ചയായും നിങ്ങൾക്കപ്പോൾ
വേണ്ടത്
കരുത്തുറ്റ ബാക്ക്‌വേർഡുകളാണു

ഡോക്ടർ പറയാറില്ലേ
പ്രാർഥിക്കാൻ....

